(ഡി) കുറ്റ്യാടി ജലസേചന പദ്ധതിയുടെ നവീകരണത്തിനും വികസനത്തിനുമായി താഴെ പറയുന്ന പദ്ധതികളാണ് പ്രധാനമായും വിഭാവനം ചെയ്തിരിക്കുന്നത്.

(1) ഫണ്ടിന്റെ അപര്യാപ്തതമൂലം ശരിയായ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുവാൻ സാധിക്കാത്തതിനാൽ കനാലുകളുടെ നഷ്ടപ്പെട്ടുപോയ ക്രോസ്സെക്ഷൻ യഥാർത്ഥ രൂപ കല്പന പ്രകാരം പുനഃസ്ഥാപിക്കുകയും നഷ്ടപ്പെട്ടുപോയ ജലനിർവ്വഹണ ശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക.

(2) അറ്റകുറ്റപ്പണികളുടെ അഭാവത്തിൽ നശിച്ചുപോയ കനാൽ ലൈനിംഗ് പുനഃസ്ഥാപിക്കുകയും കനാലിലൂടെയുള്ള വൻ ചോർച്ച ഒഴിവാക്കുകയും ചെയ്യുക.

(3) അണ്ടർ ടണലുകൾ, എസ്കേപ്പുകൾ, സൂപ്പർ പാസേജുകൾ തുടങ്ങിയ കനാൽ നിർമ്മാണങ്ങളുടെ നവീകരണം

മേൽപ്പറഞ്ഞ പ്രവൃത്തികളിലൂടെ പദ്ധതിയുടെ പ്രവർത്തന ക്ഷമത വർദ്ധിപ്പിക്കാമെന്ന് പ്രതീക്ഷിക്കുന്നു.

ചീഫ് എഞ്ചിനീയർ കാവേരിസെല്ലിന്റെ കീഴിൽ കുറ്റ്യാടി ജലസേചന പദ്ധതിയുടെ നവീകരണ പ്രവൃത്തികൾക്കായി മലബാർ ഇറിഗേഷൻ പാക്കേജിൽ ഉൾപ്പെടുത്തി 20 കോടി രൂപയുടെ പ്രവൃത്തികൾക്ക് 2009-2020-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. 2010-11 സാമ്പത്തിക വർഷത്തിൽ മലബാർ പാക്കേജിൽ 5 കോടി രൂപയും വാർഷിക അറ്റകുറ്റ പണികൾക്കായി 2.4 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

(ഇ) വകുപ്പുതലത്തിൽ ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) നേതൃത്വത്തിൽ ഒരു മോണിറ്ററിംഗ് സമിതി രൂപീകരിക്കുകയും പ്രവർത്തന പുരോഗതിയും നിർമ്മാണത്തിന്റെ ഗുണനിലവാരവും പരിശോധിക്കുകയും ചെയ്തുവരുന്നുണ്ട്.

ദേശീയപാത വികസനം

21 (*231) ശ്രീ. പി. സി. ജോർജ്:
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യനും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയപാത വികസനത്തിൽ റോഡിന് എത്ര മീറ്റർ വീതി വേണമെന്നാണ് സർക്കാർ നിലപാട് ;

(ബി) ദേശീയപാതകളുടെ വീതിയെക്കുറിച്ച് അഭിപ്രായ സമന്വയം ഉണ്ടാക്കുവാൻ കഴിഞ്ഞോ ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്തിന്റെ ഭാവി വികസനത്തിനു ഉതകുന്ന രീതിയിൽ ദേശീയ പാതകൾ വികസിപ്പിക്കുവാൻ ആവശ്യമായ അടിയന്തര നടപടികൾ സർക്കാർ സ്വീകരിക്കുമോ ?

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പു മന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ,

(എ) ദേശീയപാതകൾക്ക് 45 മീറ്റർ വീതി വേണമെന്ന കേന്ദ്ര സർക്കാരിന്റെ തീരുമാനത്തോട് യോജിക്കാനാണ് സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

(ബി) 17-8-2010-ൽ വിളിച്ചുചേർത്ത സർവ്വകക്ഷിയോഗത്തിൽ ദേശീയ പാത 17,47 എന്നിവ 45 മീറ്റർ വീതിയിൽ വികസിപ്പിക്കുവാൻ തീരുമാനിക്കുകയുണ്ടായി.

(സി) സ്വീകരിക്കുന്നതാണ്.

സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി

22 (*232) ശ്രീ. എം. ഹംസ:
ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. ടി. ജലീൽ :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) സമ്പൂർണ്ണ കായികക്ഷമതാ പദ്ധതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) സ്കൂൾ വിദ്യാർത്ഥികൾക്കായുള്ള കായിക ക്ഷമതാ പദ്ധതി പൂർത്തിയാക്കിയിട്ടുണ്ടോ ;

(സി) സ്റ്റേറ്റ് ടെസ്റ്റിംഗ് അതോറിറ്റി നേരിട്ടു നടത്തിയ കായ്യക്ഷമതാ പരീക്ഷയിൽ എല്ലാ ടെസ്റ്റ് ഇനങ്ങളിലും നിർദ്ദിഷ്ട നിലവാരം പുലർത്തിയ എത്ര വിദ്യാർത്ഥികളാണ് സംസ്ഥാനത്ത് ഉള്ളത് ;

(ഡി) വിദ്യാർത്ഥികളുടെ കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ ?

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പു മന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ,

(എ) സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പാക്കിയിട്ടുണ്ട്. പഞ്ചായത്ത് തലത്തിലും സ്കൂൾ തലത്തിലും ഇതിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ജില്ലാ കോ-ഓർഡിനേറ്റർമാരേയും ഒരു ചീഫ് കോ-ഓർഡിനേറ്ററേയും നിയമിച്ചു നടപടികൾ സ്വീകരിച്ചുവരുന്നു. ഒന്നും രണ്ടും വർഷത്തെ പരിശോധനകൾ പൂർത്തിയാക്കി. മൂന്നാം വർഷത്തെ പരിശോധന നടന്നു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly